ഉത്തരം

1.1.1979 വരെയുള്ള കണക്കുകൾ തയ്യാറായിട്ടില്ല. 1978-79 ലെ ബഡ്ജറ്റു പ്രകാരം കേരളാ സ്റ്റേറ്റ് സർവ്വീസിൽ 253519 ജീവനക്കാരുണ്ട്. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

Number of persons appointed by the Government on the advice of the Kerala Public Service Commission

636 [921] **Shri Stephen Padua:** Will the Chief Minister be pleased to state:

(a) The number of persons appointed by the Government on the advice of the Kerala Public Service Commission in the Public Services of the State, including the Companies owned by Govt. and the Corporations controlled by the Govt. in Class I, II, III and IV categories of posts during the period from 1.1.1968 to 31.12.1978.

(b) Their Community-wise list in each year during the period?

Answer

(a) and (b) The list of persons appointed in Government service, Companies owned by Government and Corporations controlled by Government during the period 1.1.1968 to 31.12.1978 have not been collected by Govt. Their community-wise details have not also been gathered.

പത്തനംതിട്ട താലൂക്കിന്റെ വികസനത്തിന് ചെലവഴിച്ച തുക

637 [923] ഡോ. ജോർജ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവു മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട വികസന അതോറിട്ടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്തനംതിട്ട താലൂക്കിൽ എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്;

(ബി) പത്തനംതിട്ട താലൂക്കിൽ ഒരു ക്ഷീര വികസന കേന്ദ്രം സ്ഥാപിക്കാനുള്ള നടപടി എത്രത്തോളമായി;

(സി) അതിന് എത്രയും വേഗം നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ഉത്തരം

(എ) പശ്ചിമഘട്ട വികസന പദ്ധതി അനുസരിച്ച് പത്തനംതിട്ട താലൂക്കിൽ ഒരു പാൽ ശീതീകരണകേന്ദ്രം സ്ഥാപിച്ച വകയിൽ 1.46 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൂടാതെ ഈ താലൂക്കിലെ ഒരു ക്ഷീരവ്യവസായ സഹകരണ സംഘത്തിന് പ്രവർത്തന മൂലധനമായി 3850 രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) & (സി) മേൽപ്പറഞ്ഞ പാൽ ശീതീകരണ കേന്ദ്രത്തിന്റെ സംസ്കരണ ശേഷി ദിവസംപ്രതി 2000 ലിറ്ററാണ്. ഇതിനെ 5000 ലിറ്റർ സംസ്കരണ ശേഷിയുള്ള കേന്ദ്രമായിമാറ്റാൻ ഒരു പദ്ധതി കെ. എൽ. ഡി. ആൻറ് എം. എം. ബോർഡ് ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ നിലവിലുള്ള പാൽ ശീതീകരണ കേന്ദ്രത്തിന്റെ പ്രവർത്തന ക്ഷമത പരിശോധിച്ച് ഫലപ്രദമെന്ന് കണ്ടാൽ തക്ക നടപടികളും എത്രയും വേഗം സ്വീകരിക്കുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സ്പെഷ്യൽ റിക്രൂട്ട്മെൻറ്

638 [925] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി എത്ര പേരെ നിയമിച്ചു;

(ബി) അതിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ എത്ര;

(സി) നോൺ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ എത്ര;

(ഡി) ചില ഡിപ്പാർട്ടുമെൻറുകളിൽ ഗസറ്റഡ് റാങ്കിലുള്ള ചില തസ്തികകളിലേക്ക് അതാതു ഡിപ്പാർട്ടുമെൻറിൽ തന്നെ യോഗ്യതയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാരുള്ളപ്പോഴും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നേരിട്ടുള്ള നിയമനം നടത്തുന്നതിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) അങ്ങനെയുള്ള തസ്തികകളിലേക്ക് ഡിപ്പാർട്ടുമെൻറിലുള്ളവരെ എന്തുകൊണ്ട് പ്രമോട്ട് ചെയ്യുന്നില്ല?

ഉത്തരം

(എ), (ബി) & (സി) തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതുവരെയായി 373 ഗസറ്റഡ് തസ്തികകളും 5747 നോൺ ഗസറ്റഡ് തസ്തികകളും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമിക്കുന്നതിന് റിസർവ്വു ചെയ്തിട്ടുണ്ട്. ഇതിൽ 1.8.1977 വരെ 164 ഗസറ്റഡ് തസ്തികകളിലും 3989 നോൺ ഗസറ്റഡ് തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴി നിയമനം നടത്തിയിട്ടുണ്ട്.

(ഡി) & (ഇ) പബ്ലിക് സർവ്വീസിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് മതിയായ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിലേക്കാണ് സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത പദ്ധതി ഡിപ്പാർട്ടുമെൻറിൽ യോഗ്യതയുള്ളവർക്ക് പ്രമോഷൻ കൊടുക്കുന്നതിന് വേണ്ടിയുള്ളതല്ല. സ്പെഷ്യൽ റിക്രൂട്ട്മെൻറ് പദ്ധതി പ്രകാരം പബ്ലിക് സർവ്വീസിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി വേണം നടപ്പിലാക്കേണ്ടത്. ഡിപ്പാർട്ടുമെൻറിൽ യോഗ്യതയുള്ള ആളുകൾക്കും ഈ തസ്തികകളിലേക്ക് അപേക്ഷിക്കുവാൻ അവസരം ലഭിക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ ഡിപ്പാർട്ടുമെൻറിലുള്ളവർക്ക് പ്രമോഷൻ കൊടുത്ത് നിയമിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly